പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1740

16.3.2015-ൽ മറുപടിക്ക്

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും യു.എൻ.ഡി.പി.യുടെ ഡി.ആർ.ആർ പ്രോജക്ടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജി.ഒ.ഐ, യു.എൻ.ഡി.പി എന്നിവയുടെ ഡി.ആർ.ആർ.പി നടപ്പിലാക്കിയിട്ടുണ്ട്; | (എ) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഡി.ആർ.ആർ.പി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ടുകൾ കൊണ്ടുദ്ദേശിക്കുന്നത് എന്തെല്ലാം; ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഏതെല്ലാം മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ ഉൾപ്പെടുത്തി; ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | നഗരപ്രദേശങ്ങളിൽ പ്രകൃതി ദുരന്തങ്ങളും, മറ്റു തരത്തിലുള്ള ദുരന്തങ്ങളും ഉണ്ടാകുമ്പോൾ അതിൽ നിന്നുള്ള ദോഷഫലങ്ങൾ കുറവ് ചെയ്യുന്ന നിലയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക എന്നതാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത പദ്ധതി 2010-12 കാലയളവിലാണ് നടപ്പിലാക്കിയിരുന്നത്. |
| സി) | ഇതിന്റെ പ്രവർത്തനത്തിനുള്ള സാമ്പത്തിക സ്രോതസ്സ് എവിടെ നിന്നാണ് എന്ന് വ്യക്തമാക്കുമോ; | (സി) | യു.എൻ.ഡി.പി.യിൽ നിന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയം മുഖേനയാണ് ഇതിനുള്ള സാമ്പത്തിക സഹായം ലഭിച്ചിരുന്നത്. |
| ഡി) | പ്രസ്തുത പ്രോജക്ട് ആരംഭിച്ചതു മുതൽ എത്ര തുക എവിടെ നിന്നെല്ലാം ലഭിച്ചു; എത്ര തുക ചെലവഴിച്ചു എന്നതിന്റെ പദ്ധതി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ